നേരിട്ട് വായ്പയെടുത്തും കർഷകരുടെ നെൽവില നൽകിവരുന്നു. വരും വർഷങ്ങളിൽ കൂടുതൽ ധനകാര്യ സ്ഥാപനങ്ങളുമായി ധാരണയിലെത്തുകയും കർഷകർക്ക് സംഭരണവില വേഗത്തിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷവും (2014-15 ഉൾപ്പെടെ) സംസ്ഥാന ബഡ്ജറ്റിൽ 180 കോടി രൂപ വീതമാണ് വകയിരുത്തിയിട്ടുള്ളത്. ടി തുക അപര്യാപ്തമാവുന്നതിനാൽ നെല്ല് വില കർഷകർക്ക് നൽകുന്നതിൽ കാലതാമസം സംഭവിക്കുന്നു. സപ്ലൈകോ ഓരോ വർഷവും ഏകദേശം 5.5 ലക്ഷം മെ.ടൺ നെല്ല് സംഭരിക്കുന്നു. ഇതിനത്തിൽ സംസ്ഥാന സർക്കാർ ഏകദേശം 300 കോടി രൂപ വകയിരുത്തേണ്ടതുണ്ട്. ആയതിനാൽ കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തി യഥാസമയം അനുവദിച്ച് നെല്ല് സംഭരിച്ച ഉടനെ കർഷകരുടെ അക്കൗണ്ടിലേക്ക് പണം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സപ്ലൈകോ മുഖേന വിറ്റഴിക്കുന്ന സബ്സിഡി നൽകുന്നതും അല്ലാത്തതുമായ ഉല്പന്നങ്ങളുടെ വില

224(3149) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ മുഖേന വിറ്റഴിക്കുന്ന സബ്സിഡി നൽകുന്നതും അല്ലാത്തതുമായ ഉല്പന്നങ്ങളുടെ നിലവിലുള്ള വില എത്രയെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ഉല്പന്നങ്ങളുടെ 2011 ജനുവരിയിലെ വിലനിലവാരം എത്രയായിരുന്നുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ളതും, ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതുമായ ഉഴുന്ന് പരിപ്പ്, കടുക്, ജീരകം, ഉലുവ, പീസ് പരിപ്പ്, ബോധന അരി എന്നീ ഇനങ്ങളെ സബ്സിഡി നൽകുന്നതിൽ നിന്ന് ഒഴിവാക്കുകയും പകരം കേരളത്തിലെ ജനങ്ങൾ കൂടുതലായി

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിക്കുന്ന ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ അവശ്യവസ്തുക്കളുടെ 2011 ജനുവരിയിലേയും നിലവിലേയും സബ്സിഡി നോൺ സബ്സിഡി വിലകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

അരിയുടെ ആളോഹരി ഉപഭോഗം

225(3150) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സംസ്ഥാനത്ത് ആളോഹരി ഉപഭോഗം അനുസരിച്ച് പ്രതിവർഷം എത്ര ടൺ അരി ആവശ്യമായി വരുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ പ്രതിവർഷം എത്ര ടൺ അരി സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(സി) റേഷനിംഗിനായി കേന്ദ്രം പ്രതിവർഷം എത്ര ടൺ അരി സംസ്ഥാനത്തിന് നൽകുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഡി) അന്യ സംസ്ഥാനങ്ങളിൽ നിന്നും മറ്റും പ്രതിവർഷം എത്ര ടൺ അരി കേരളത്തിലെത്തുന്നുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇൻഡ്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചിന്റെ കണക്കനുസരിച്ച് ഒരു വ്യക്തിയുടെ ഭക്ഷ്യധാന്യങ്ങളുടെ പ്രതിമാസ ഉപഭോഗം 13.8 കിലോഗ്രാം ആണ്. ആയത് പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 55,31,040 മെ.ടൺ ഭക്ഷ്യധാന്യം ആവശ്യമായി വരുന്നു.

(ബി) 2013-14-ലെ കണക്കനുസരിച്ച് 5,64,325 ടൺ അരി സംസ്ഥാനത്ത് ഉല്പാദിപ്പിച്ചു.

(സി) 2014-15 സാമ്പത്തിക വർഷത്തിൽ 13,46,663 ടൺ അരി കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായി.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly